LIBRARY ARCHIVES Kerala Legislative Assembly

ഇ-അബാക്കസ് കേന്ദ്രീകൃത ബില്ലിംഗ്

111 (2320) ശ്രീ. എം. എ. വാഹീദ് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. വർക്കല കഹാർ :

ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയിൽ ഇ-അബാക്കസ് കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം നടപ്പാക്കി വരുന്നുണ്ടോ ;

(ബി) പ്രസ്തുത ബില്ലിംഗ് സംവിധാനംവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഉപഭോക്താക്കൾക്ക് പ്രസ്തുത സംവിധാനത്തിലൂടെ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത ബില്ലിംഗ് സംവിധാനത്തിനായി ഭരണതലത്തിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) ജലഅതോറിറ്റിയിൽ ഇ-അബാക്കസ് നടപ്പാക്കിവരുന്നു.

(ബി)

1. ഉപഭോക്താക്കൾക്കുള്ള സേവനങ്ങൾ കൃത്യതയോടെ സമയബന്ധിതമായി ലഭ്യമാക്കുക, ഇതുവഴി ജലഅതോറിറ്റിയെ ഉപഭോക്തൃ സൗഹൃദസ്ഥാപനമാക്കി ഉയർത്തുക.

2. ജലഅതോറിറ്റിയുടെ ഏകവരുമാനമാർഗ്ഗമായ വെള്ളക്കരം കൃത്യമായി പിരിച്ചെടുക്കുന്നതിനും നിരീക്ഷിക്കുന്നതിനും ഈ പദ്ധതിവഴി സാധിക്കുന്നതുമൂലം സ്ഥാപനത്തിന് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാൻ പ്രാപ്തമാക്കുക.

3. വിവരങ്ങൾ തത്സമയം ലഭ്യമാക്കുകവഴി സ്ഥാപന ശാക്തീകരണം സുഗമമാക്കുക എന്നിവയാണ് കൈവരിക്കുവാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ.

(സി)

1. ജലഅതോറിറ്റിയുടെ ഡിവിഷന്റെകീഴിൽവരുന്ന ഏത് കൗണ്ടറിലും, ജനസേവനകേന്ദ്രം അക്ഷയകേന്ദ്രങ്ങൾ മുഖേനയും പോസ്റ്റ് ഓഫീസ് മുഖാന്തിരവും

ഓൺലൈൻവഴിയും കൂടാതെ ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽനിന്നും നേരിട്ട കറവ് ചെയ്യുന്ന ECS സമ്പ്രദായം എന്നിവയിലൂടെ വെള്ളക്കരം ഒടുക്കുന്നതിനുള്ള സൗകര്യം.

2. വെബ് സൈറ്റിലൂടെ ഉപഭോക്താവിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നത്, ഉപാഭോക്താക്കളുമായി ബന്ധപ്പെട്ട മറ്റുസേവനങ്ങളായ ഉടമസ്ഥ കൈമാറ്റം, മീറ്റർ മാറ്റിവയ്ക്കൽ, ഡിസ്കണക്ഷനും റീ-കണക്ഷനും, വിഭാഗമാറ്റം, ആൾട്ടറേഷൻ, പുതിയ കണക്ഷനുമായി ബന്ധപ്പെട്ടകാര്യങ്ങൾ മുതലായവ പ്രസ്തുത സംവിധാനംവഴി നടപ്പിലാക്കിനൽകുന്നു.

(ഡി)

1. ജലഅതോറിറ്റിയുടെ എല്ലാ റവന്യൂ ഓഫീസുകളിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

2. എല്ലാ ഓഫീസുകളേയും ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തിവരുന്നു. ഇപ്പോൾ 66 സെക്ഷൻ ഓഫീസുകളിലും 47 സബ് ഡിവിഷനുകളിലും ഈ സൗകര്യം നിലവിൽ ഉണ്ട്.

3. ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.

4. ഓഫീസുകൾക്കുള്ള ദൈനംദിന സഹായങ്ങളും നിർദ്ദേശങ്ങളും കേന്ദ്രീകൃതമായി ഡാറ്റാ ബേസ് അഡ്മിനിസ്ട്രേഷൻ യൂണിറ്റിൽനിന്നും നൽകിവരുന്നു.

അണക്കെട്ടുകളുടെ സുരക്ഷ

112 (2321) ശ്രീ.സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനത്തിനുപയോഗിക്കുന്ന അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന കാലാകാലങ്ങളിൽ നടത്താറുണ്ടോ ; എങ്കിൽ അവസാനം നടത്തിയ പരിശോധനയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പരിശോധന നടത്തുന്ന വിദഗ്ധ സമിതിയുടെ ഘടന എപ്രകാരമാണ് ;

LIBRARY ARCHIVES Kerala Legislative Assembly